തൃശ്ശൂർ ഡിസ്ട്രിക്റ്റ് കളക്റ്റർ, കൃഷി ഡയറക്റ്റർ, പബ്ലിക്ക് ഹെൽത്ത് ഡയറക്റ്റർ, ഇൻഡസ്ട്രിയും കാമേർസും ഡയറക്റ്റർ തൃശ്ശൂർ ഡിസ്ട്രിക്റ്റ് അഗ്രിക്കൾച്ചറൽ ആഫീസർ എന്നിവർ ഉൾപ്പെട്ട ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്.

ശ്രീ. കെ. പി. ഗോപാലമേനോൻ : ഡിസ്ട്രിക്റ്റ് ആഫീസരുടെ ഒരു റിപ്പോർട്ട് ഗവണ്മെൻറിനു കിട്ടിയിട്ടില്ലേ ?

ശ്രീ. എ. എ. റഹീം : ഉണ്ട്.

ശ്രീ. കെ. പി. ഗോപാലമേനോൻ : അതിൽ കൃഷിനാശം സംഭവിച്ചതായി പറയുന്നില്ലേ ?

ശ്രീ. എ. എ. റഹീം : ഗവണ്മെൻറിന്റെ മുമ്പിൽ രണ്ടു റിപ്പോർട്ടുകൾ ഉണ്ട്. ഒന്നിൽ പുകമൂലം കൃഷിനാശം സംഭവിച്ചിട്ടുണ്ടെന്നും മറ്റൊന്നിൽ പുകമൂലം കൃഷിനാശം സംഭവിച്ചിട്ടില്ലെന്നുമാണ്. അതുകൊണ്ടാണ് ഒരു സംയുക്ത കമ്മിറ്റിയെ ഇപ്പോൾ വച്ചിട്ടുള്ളത്.

ശ്രീ. ടി. ഒ. ബാവാ : കൃഷിനാശം സംഭവിക്കുന്നതായി എന്നാണ് പരാതി ലഭിച്ചത് ?

ശ്രീ. എ. എ. റഹീം : അതിന്റെ തീയതി നിശ്ചയമില്ല.

ശ്രീ. ടി. ഒ. ബാവാ : മൂന്നുകൊല്ലം മുമ്പുമുതൽ തുടർച്ചയായ കൃഷിനാശം വന്നുകൊണ്ടിരിക്കുന്നുവെന്ന് ഒരു ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ റിപ്പോർട്ട് സമർപ്പിച്ചു എന്നു പറയുന്നതിനു വല്ല സത്യവുമുണ്ടോ ?

ശ്രീ. എ. എ. റഹീം : അറിയാൻ പാടില്ല.

ശ്രീ. ടി. ഒ. ബാവാ : തുടർച്ചയായി കൃഷി നശിച്ചുകൊണ്ടിരുക്കുന്നു എന്ന വസ്തുത ഗവണ്മെൻറിനെ ബോദ്ധ്യപ്പെടുത്തിയാൽ അതിനെന്തെങ്കിലും നടപടി എടുക്കുമോ ?

ശ്രീ. എ. എ. റഹീം : അതിനെപ്പറ്റി അന്വേഷിക്കാനാണ് ഒരു സംയുക്തകമ്മിറ്റിയെ ഏർപ്പെടുത്തിയിട്ടുള്ളത്.

## പാലങ്ങൾ.

* 330. [28] ശ്രീ. കെ. പി. ഹോർമിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തുവാൻ എത്ര മേജർ പാലങ്ങൾ സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ ഡിസ്ട്രിക്റ്റ് കമ്മിറ്റികളിൽ നിന്നും ലഭിച്ചിട്ടുണ്ട് ;

(ബി) മെയിൻ സെൻട്രൽ റോഡിൽ തിരുവല്ല താന്നിപ്പുഴപ്പാലം മേൽ നിർദ്ദേശങ്ങളിൽ ഉൾപ്പെടുന്നുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) 34.

(ബി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly